നം.കെ.എസ്.എ..പി.റ്റി.എ. പി9/981/17 തിയതി: 13.09.2017

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01 - 08-2016മുതൽ 18-07-17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-07-2017 മുതൽ 28-07-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി. സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ജയപ്രഭ പി. സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഐഷാ പുരുഷോത്തമൻ | 01-04-2016മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ. വി.യു. മോഹനൻ | 01-04-2016മുതൽ 31-03-2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | 2016-17 വാർഷിക പദ്ധതയിൽ ലഭ്യമായ തുകയും ചെലവും | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | നിർവ്വഹണ ഉദ്യോഗസ്ഥരും, നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിവരവും | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |
| 12 | മിനിറ്റ്സ് ബുക്ക് പൂർത്തീകരിക്കുന്നതിൽ അലംഭാവം | 1-12 |
| | ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത | 2-1 |
| 14 | സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരം പുതിയ ഇനങ്ങൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല | 2-2 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 2-3 |
| 16 | അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി- കുറവായി ഈടാക്കുന്നു | 2-4 |
| 17 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല | 2-5 |
| 18 | വാടക- അപാകതകൾ | 2-6 |
| 19 | ഡി&ഒ ലൈസൻസ് പൊതുവായ അപാകതകൾ | 2-7 |
| 20 | പരസ്യനികുതി ഈടാക്കിയില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | 2-8 |
| 21 | പ്ലാസ്റ്റിക് വേയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല | 2-9 |
| 22 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല | 2-10 |
| 23 | സ്കൂൾ മെയിന്റനൻസ്- ഡിസ്മാന്റിൽ ചെയ്ത ആസ്ബസ്റ്റോസ് ഷീറ്റുകൾ ലേലം ചെയ്തിട്ടില്ല | 2-11 |
| | ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 24 | ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ ഗുരുതര അലംഭാവം | 3-1 |

| | | |
|---|---|---|
| 25 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോജക്ട് നം. 237/17, 243/17) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ തുക നൽകി | 3-2 |
| 26 | സമഗ്ര നെൽകൃഷി പദ്ധതി - ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല | 3-3 |
| 27 | 51-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം - 2013-14-ൽ കരാർ ചമച്ച പ്രവൃത്തി ഇതേവരെയും പൂർത്തീകിച്ചിട്ടില്ല | 3-4 |
| 28 | വല്ലന എസ്.എൻ.ഡി.പി. യു.പി. സ്കൂൾ മെയിന്റനൻസ് - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല-പാർട്ട് ബില്ലിൽ നിന്നും റിറ്റൻഷൻ കുറവ് ചെയ്തിട്ടില്ല | 3-5 |
| 29 | തോടിന് ആഴം കൂട്ടൽ - ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടുന്ന പ്രവൃത്തികൾക്കായി വികസന ഫണ്ട് ഉപയോഗിച്ചിരിക്കുന്നു | 3-6 |
| 30 | വിവിധ ഭവന പദ്ധതികൾ - ഗുണഭോക്തൃ ലിസ്റ്റിലില്ലാത്ത തുക കൈമാറുന്നു | 3-7 |
| 31 | പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങൽ ധനസഹായം-ഓട്ടോറിക്ഷാ ലൈസൻസ് ഇല്ലാത്ത വ്യക്തിക്ക് ധനസഹായം അനുവദിച്ചിരിക്കുന്നു | 3-8 |
| 32 | വിദ്യാർത്ഥികൾക്ക് പഠനസഹായി- ബില്ലിൽ ഗേജിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ല | 3-9 |
| 33 | അങ്കണവാടികൾ - അവലോകനം | 3-10 |
| 34 | അങ്കണവാടി പോഷകാഹാരം- 16.32 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപമായി തുടരുന്നു | 3-11 |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- തുക നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 3-12 |
| 36 | ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല | 3-13 |
| 37 | ആശുപത്രികൾക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 3-14 |
| 38 | മറ്റ് വകുപ്പുകളിൽ/ സർക്കാരിലേക്ക് ഒടുക്കേണ്ടുന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ നിലനിൽക്കുന്നു | 3-15 |
| | ഭാഗം 4- പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 39 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 40 | ഡോപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 42 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


## ഭാഗം 1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് പാസ്സാക്കിയതിന്റെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്

| വർഷം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച തീയതി | പഞ്ചായത്ത് കമ്മിറ്റി ബഡ്ജറ്റ് അംഗീകരിച്ച തീയതി | റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയതി |
|---|---|---|---|
| 2016-17 | 25-03-2016 | 31-03-2016 | 24-03-2017 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (കുറവ്) | കുറവ് % |
|---|---|---|---|---|
| മുന്നിരിപ്പ് | 23115317 | 9083081 | 14032236 | 61% |
| വരവ് | 86096500 | 52125517 | 33970983 | 40% |
| ആകെ | 109211817 | 61208598 | 48003219 | 44% |
| ചെലവ് | 86205000 | 44807564 | 41397436 | 48% |
| നീക്കിയിരിപ്പ് | 23006817 | 16401034 | 6605783 | 29% |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്കായി ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. 2016-17 വർഷത്തെ ബജറ്റ് 25-03-2016 ലെ ധനകാര്യ കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും 31-03-2016 -ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല. പഞ്ചായത്ത് രാജ് ബജറ്റ് മാന്വലിലും നിയമത്തിലും നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കേണ്ടതും എല്ലാ പ്രോജക്റ്റുകൾക്കും ബജറ്റിൽ തുക വകയിരുത്തേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 05 -07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. താഴെ പറയുന്ന അക്കൗണ്ടുകളിലെ 31.03.2017 ലെ നീക്കിയിരുപ്പുകൾ അനുബന്ധ ബാങ്ക് ബുക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ടുകൾ | ബാങ്ക് ബുക്ക് | പാസ് ബുക്ക് |
|---|---|---|
| ട്രഷറി റ്റി.എസ്.ബി | 4043690 | 1973434 |
| IOB(WGD) | 16643 | 17661 |
| IOB(SSA) | 9041 | 8978.9 |

ജനറൽ പർപ്പസ് ഗ്രാന്റിന്റെ അക്കൗണ്ടായ ട്രഷറി റ്റി.എസ്.ബി യിൽ അവസാന രണ്ട് ഗഡു തുകകൾ വരവ് വന്നിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുമായി പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

3. അഡ്വാൻസ് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഡെപ്പോസിറ്റ് ബാലൻസിന്റെ വിവരം കൃത്യമാണോയെന്ന് ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടില്ല.
4. B4 ഷെഡ്യൂളിലെ താഴെ പറയുന്ന ഇനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

| ഇനം | തുക |
|---|---|
| Centrally sponsored scheme-ICDS | 1632165 |
| NABARD Assistance | 10257 |
| Contribuition for specific purpose-block pt | 130291 |
| Contribuition for specific purpose-block pt | 292911 |

5. B9 ഷെഡ്യൂളിലെ സൺഡ്രി ക്രഡിറ്റേഴ്സ് ആയി രേഖപ്പെടുത്തിയ തുകകളും ബിൽ രജിസ്റ്റർ പ്രകാരം 4/17 ൽ ചെലവഴിച്ച തുകകളുമായി പൊരുത്തപ്പെടുന്നില്ല.
6. B9 ഷെഡ്യൂളിൽ ഗവൺമെന്റ് ഡ്യൂസ് ആയി രേഖപ്പെടുത്തിയ താഴെ പറയുന്ന തുകകളുടെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

| | |
|---|---|
| വാറ്റ് | 61247 |
| Other dues | 15189 |
| others | 41143 |

7. സഞ്ചയ- സാംഖ്യ ഇന്റഗ്രേഷൻ പൂർണ്ണമായിട്ടില്ല. തനത് വരുമാന ഇനങ്ങളുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല .
8. മുൻ വർഷങ്ങളിലെ ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. അവ ശേഖരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ഇപ്പോഴും പ്രാവർത്തികമാക്കിയിട്ടില്ല. വസ്തുവിന്റെ മൂല്യം 29000 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിന്റെ കൃത്യത വ്യക്തമാക്കിയിട്ടില്ല.
9. വാർഷിക കണക്കിൽ കാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് B11(a) തുകകൾ ഇല്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം പാർട്ട് ബില്ലായി അനുവദിച്ച തുകകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.
10. സംയുക്ത പദ്ധതികൾക്കുള്ള അക്കൗണ്ടിൽ നീക്കിയിരുപ്പായി രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പാസ്ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 9083081 |
| വരവ് | 52125517 |
| ആകെ | 61208598 |
| ചെലവ് | 44807564 |
| നീക്കിബാക്കി | 16401034 |

## 1-5 2016-17 വർഷിക പദ്ധതിയിൽ ലഭ്യമായ തുകയും ചെലവും

| ഫണ്ടിനം | 2016-17-ൽ ലഭിച്ച തുക | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 12093794 | 12093794 | 11197026 | 896768 | 92.58% |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 6782860 | 6782860 | 557253 | 6225607 | 8.21% |
| ലോക ബാങ്ക് സഹായം | 3587600 | 3587600 | 1821539 | 1766061 | 50.77% |
| വികസന ഫണ്ട് (എസ്.സി.പി) | 14528736 | 14528736 | 6503584 | 8025152 | 44.76% |
| വികസനഫണ്ട് (ടി.എസ്.പി) | 7845 | 7845 | 5960 | 1885 | 75.97% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 16039890 | 16039890 | 54036 | 15985854 | 0.33% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3255108 | 3255108 | 1892792 | 1362316 | 58.14% |
| ആകെ | | | | | 47.25% |

ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിക്കാതിരുന്നത് കാരണം റോഡ് സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവ യഥാക്രമം 8.21%, 0.33% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ആയതിനാൽ ആകെ ചെലവ് 47.25% മാത്രമായി.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 253 | 91 | 6 | 156 | 38.33% |

## 1-7 നിർവ്വഹണ ഉദ്യോഗസ്ഥരും, നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ വിവരവും

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 1565639 | 1076891 | 68.78% |
| വെറ്ററനറി സർജൻ | 4 | 4 | 485000 | 445196 | 91.79% |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 2 | 1 | 756007 | 672756 | 88.98% |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 500000 | 500000 | 100% |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 1 | 198000 | 98000 | 49.49% |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 14 | 9 | 8535000 | 5022000 | 58.84% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 7 | 5995800 | 4181095 | 69.73% |
| സെക്രട്ടറി | 38 | 24 | 10581153 | 4822364 | 45.57% |
| ഹെഡ് മാസ്റ്റർ | 3 | 3 | 1424646 | 1107846 | 77.76% |
| അസി.എഞ്ചിനീയർ | 157 | 28 | 44554101 | 5297627 | 11.89% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 335000 | 335000 | 100% |
| അസി.സെക്രട്ടറി | 16 | 13 | 10495755 | 5009990 | 47.73% |
| ആകെ | 253 | 97 | 85426101 | 28568765 | 33.44% |

## 1-8 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 4023885 | 6439801 | 2415916 | 60.03 % |
| നികുതിയേതര വരവുകൾ | 1030346 | 2035737 | 1005391 | 97.57 % |

മുൻ വർഷത്തേക്കാൾ 2016-17 വർഷം നികുതി, നികുതിയേതര വരവുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2017 ൽ 11.30 AM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 2117 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 26.06.2017-28.06.2017 | 02/17,03/17 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2007-08 മുതൽ 2011-12 | 25.08.2012 | 25.10.2012 | ഇല്ല |

## 1-11 ആഭ്യന്തര നിയന്ത്രണം

1. ജനറൽ കമ്മറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് ബുക്കുകൾ, പ്രൊക്യൂർമെന്റ് കമ്മറ്റി മിനിറ്റ്സ് ബുക്ക് എന്നിവ അപൂർണ്ണം . (ഖ. 1-13 കാണുക)

2. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ല. മുൻവർഷങ്ങളിലെ ഡെപ്പോസിറ്റുകൾ ക്യാരി ഓവർ ചെയ്യുന്നില്ല.

3. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. റെക്കോർഡ് റൂം സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഫയലുകൾ ക്രമീകരിച്ചിട്ടില്ല. കിയോസ്ക് ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഓൺലൈൻ സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്തതിനാൽ ജനങ്ങൾക്ക് സേവനങ്ങൾ തൃപ്തികരമായി ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിൽ ഉണ്ടായിട്ടുള്ള പാളിച്ചകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 മിനിറ്റ്സ് ബുക്ക് പൂർത്തീകരിക്കുന്നതിൽ അലംഭാവം

ഗ്രാമപഞ്ചായത്തിലെ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

ജനറൽ കമ്മറ്റി

12/16, 1/17 മാസങ്ങളിലെ ജനറൽ കമ്മറ്റി മിനിറ്റ്സ് ബുക്ക് എഴുതിയിട്ടില്ല. ജനറൽ കമ്മറ്റിയുടെ ഹാജർ രജിസ്റ്റർ പ്രകാരം 14.12.16, 23.12.16, 18.12.16, 04.01.17, 18.01.17, 23.01.17 തീയതികളിൽ ജനറൽ കമ്മറ്റി കൂടിയിട്ടുണ്ട്. എന്നാൽ ഈ തീയതികളിലെ മിനിറ്റ്സ് ഒഴിവാക്കി 07.02.17 മുതലുള്ള മിനിറ്റ്സ് മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. കൂടാതെ 27.01.16 മുതൽ 13.07.16 വരെയുള്ള മിനിറ്റ്സ് ബുക്കുകൾ അപൂർണ്ണവുമാണ്. പൂർത്തീകരിച്ച മിനിറ്റ്സ് ബുക്കുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

25.02.2016-ന ശേഷം 15.06.16 -ലെ മിനിറ്റ്സ് ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. കമ്മറ്റിയുടെ ഹാജർ രജിസ്റ്റർ പ്രകാരം 18.03.16, 21.04.16, 05.05.16, 10.06.16 തീയതികളിൽ കമ്മറ്റി കൂടിയിട്ടുണ്ട്. എന്നാൽ മിനിറ്റ്സ് എഴുതിയിട്ടില്ല. മിനിറ്റ്സ് ബുക്കിലെ 17.01.17, 20.01.17, 08.05.17, 27.05.17, 29.05.17 തീയതികളിലെ മിനിറ്റ്സും അപൂർണ്ണമാണ്.

സാക്ഷ്യപ്പെടുത്താത്ത മിനിറ്റ്സിലെ തീരുമാനങ്ങൾ ആധികാരികമല്ല. മിനിറ്റ്സ് ബുക്കുകൾ സമയബന്ധിതമായി എഴുതി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത

വസ്തുനികുതി അടിസ്ഥാന നിരക്കുകൾ നിശ്ചയിച്ച് ഗ്രാമപ്പഞ്ചായത്ത് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപ നിരക്കിലാണ് നികുതി ഈടാക്കുന്നത്.ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് 11 മൊബൈൽ ടവറുകൾ ഉള്ളതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ പതിനൊന്ന് ടവറുകളിൽ 9 ടവറുകളുടെയും വിസ്തീർണ്ണം 12ച.മീറ്ററായി കണക്കാക്കിയാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. 9 ടവറുകളുടെയും അടിസ്ഥാന വസ്തു നികുതി 6000/- രൂപയായാണ് നിർണ്ണയിച്ചിട്ടുള്ളത്.എല്ലാ ടവറുകളുടെയും ടവർ സ്ഥിതി ചെയ്യുന്ന സ്ഥലം,ഡി.ജി.റൂം, ഷെൽട്ടർ റൂം എന്നിവയുടെ ആകെ വിസ്തീർണ്ണം 12 ച. മീറ്ററാണെന്നത് വിശ്വസനീയമല്ല.

'വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയപ്പോൾ അന്ന് നിലവിലുള്ള വിസ്തീർണ്ണമാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് ' എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16 തീയതി 26.07.2017) സെക്രട്ടറി ലഭ്യമാക്കിയ മറുപടി. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന, നികുതി നിർണ്ണയിച്ചതിന്റെ രേഖകൾ (കെട്ടിടത്തിന്റെ നമ്പറിംഗിനുള്ള ഉടമയുടെ അപേക്ഷ, കെട്ടിടത്തിന്റെ ബ്ലൂ പ്രിന്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ്, അസിസ്റ്റന്റ് എൻജിനീയറുടെ സ്ഥലപരിശോധനാ റിപ്പോർട്ട്) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആകെയുള്ള പതിനൊന്ന് ടവറുകളിൽ ഒരു ടവറിന്റെ വിസ്തീർണ്ണം (കെട്ടിട നമ്പർ 9/109 ) 4 ച.മീറ്ററായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തു നികുതി നിർണ്ണയ രേഖകൾ അടിയന്തിരമായി കണ്ടെടുത്ത് നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

## 2-2 സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരം പുതിയ ഇനങ്ങൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

സ.ഉ.(അ)36/2015ത.സ്വ.ഭ.വ. തീയതി 24.02.15 പ്രകാരം 14.01.2011ലെ സ.ഉ.(അ)19/2011ത.സ്വ.ഭ.വ. ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം ഹോംസ്റ്റേയ്ക്ക് ച.മീറ്ററിന് കുറഞ്ഞത് 30 രൂപയും കൂടിയത് 60 രൂപയുമായി നികുതി നിരക്കുകൾ നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

എന്നാൽ നാളിതുവരെ പഞ്ചായത്ത് ഹോംസ്റ്റേ കെട്ടിടങ്ങൾക്ക് നികുതിനിരക്ക് നിശ്ചയിച്ചിട്ടില്ല. ആറന്മുള പ്രദേശത്ത് മാലക്കരേത്ത് ഗസ്റ്റ് ഹൗസ്, ഉണ്ടിയത്ത് ഹോംസ്റ്റേ, പാർത്ഥസാരഥി ഡിവൈൻ ഇൻ എന്നീ മൂന്ന് ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ നികുതി നിർണ്ണയ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/27.7.2017) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങൾക്ക് അടിയന്തിരമായി നികുതി നിരക്ക് നിശ്ചയിച്ച് ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി-അപാകതകൾ

1. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല

2016-17 വർഷം പല സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം ആകെ 363സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇതിൽ കുറച്ചു സ്ഥാപനങ്ങൾ മാത്രമേ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടുള്ളൂ. തൊഴിൽ നികുതി അടയ്ക്കുവാൻ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് 252, 253, 254, 256 വകുപ്പുകൾ പ്രകാരമുള്ള നടപടിക്രമങ്ങളനുസരിച്ച് ഓഫീസ് മേധാവി അല്ലെങ്കിൽ തൊഴിലുടമ മുഖേന തൊഴിൽ നികുതി ഈടാക്കേണ്ടതും ആയതിന് വീഴ്ച വരുത്തുന്ന പക്ഷം 259 ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

2.സ്ഥാപന തൊഴിൽ നികുതി ഈടാക്കുവാൻ ബാക്കിനിൽക്കുന്നു

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
|---|---|---|---|
| 1 | പത്തനംതിട്ട ഡിസ്ട്രിക്ട് കോ -ഓപ്പറേറ്റീവ് ബാങ്ക് | 1250 | 1250 |
| 2 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ആറാട്ടുപുഴ | 1250 | 1250 |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ്, ആറൻമുള | 1250 | 1250 |
| 4 | കോ -ഓപ്പറേറ്റീവ് ബാങ്ക്, ആറൻമുള | 1250 | 1250 |

3. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

നാൽക്കാലിക്കൽ പോസ്റ്റ് ഓഫീസിലെ ജീവനക്കാരിൽ നിന്നും 2016-17 രണ്ടാം അർദ്ധ വർഷം, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽനികുതി ഈടാക്കാതെ കാലഹരണപ്പെട്ടാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയാകുമെന്നതിനാൽ നികുതി തുക പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കുന്നു

അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വേതനം നൽകാത്തതിലൂടെ പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവ് വന്നതായി കാണുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീ വിജയാനന്ദ വിദ്യാപീഠം, നാൽക്കാലിക്കൽപ്പടി സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളം വളരെ കുറവായാണ് സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ നിജസ്ഥിതി പരിശോധിക്കപ്പെടേണ്ടതാണ്. മേൽപറഞ്ഞ സ്ഥാപനം സി.ബി.എസ്.ഇ യുടെ മാർഗ്ഗനിർദ്ദേശം പാലിക്കാതിരിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടാകുന്നു. അധ്യാപകരുടേയും മറ്റ് ജീവനക്കാരുടെയും തൊഴിൽ നികുതി യഥാക്രമം 300, 180 എന്ന രീതിയിലാണ് ഈടാക്കി ഒടുക്കിയിട്ടുള്ളത്. സ്കൂൾ ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതുമൂലമാണ് പഞ്ചായത്തിനും നികുതി

നഷ്ടമുണ്ടാകുന്നത്.

അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കേന്ദ്ര സർക്കാരോ അതത് സംസ്ഥാന സർക്കാരുകളോ നൽകിവരുന്ന ശമ്പളവും അലവൻസുകളുമാണ് അംഗീകൃത സി.ബി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്കും നൽകേണ്ടതെന്ന് സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷന്റെ അഫിലിയേഷൻ ബൈലോയിലെ II 3.3(1)(c) ഉപചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥിരം അഫിലിയേഷൻ ലഭിച്ചിട്ടുള്ള സി.ബി.എസ്.ഇ. സ്കൂളുകളിൽ താത്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കരുതെന്നും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കൺസോളിഡേറ്റഡ് 'പേ' നൽകരുതെന്നും, നിർദ്ദിഷ്ട ശമ്പള സ്കെയിൽ അനുവദിക്കണമെന്നും സ്ഥിരം അഫിലിയേഷൻ (ജനറൽ കണ്ടീഷൻസ്) ഉപചട്ടം II(c)(iii)(b) യിലും നിഷ്കർഷിച്ചിട്ടുണ്ട്

ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് 10,000 രൂപയും, സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 15,000രൂപയും, സീനിയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 20,000രൂപയും മിനിമം പ്രതിമാസ വേതനമായി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിലെ ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വാർഷിക റിട്ടേണുകൾ പരിശോധിച്ചതിൽ, സി.ബി.എസ്.ഇ. യുടെ നിബന്ധനയോ ബഹു.ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരമോ ഉള്ള ശമ്പളം നൽകുന്നില്ല. ജീവനക്കാരുടെ തൊഴിൽനികുതി സ്വീകരിച്ച വേളയിൽ ഗ്രാമപഞ്ചായത്ത് ഈ വിവരം സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല. വരുമാന സ്റ്റേറ്റ്മെന്റുകളിലെ വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പുവരുത്തേണ്ടതും ഈ വിവരം സ്കൂൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ പഞ്ചായത്ത് അധികൃതർ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ് എടുക്കുകയോ ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയ്ക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. ഈ റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 2-6 വാടക -അപാകതകൾ

1.വാടക ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള കിടങ്ങന്നൂർ ഷോപ്പിംഗ് കോംപ്ലക്സിലെ നാലാം നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിൽ നിന്നും 2015 സെപ്റ്റംബർ മുതൽ വാടക ഈടാക്കുന്നില്ല. 15.04.2016 ലെ XV-ാം നമ്പർ തീരുമാനപ്രകാരം മാവേലിസ്റ്റോറിന്റെ നാളിതുവരെയുള്ള വാടകയുടെ പിഴപ്പലിശ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഒഴിവാക്കുവാനുള്ള പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം അംഗീകരിക്കുന്നില്ല. ആയതിനാൽ പിഴപ്പലിശ സഹിതം വാടക ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

കോട്ട ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 1 ൽ പ്രവർത്തിക്കുന്ന പോസ്റ്റ് ഓഫീസ്, റൂം നം.5,6 എന്നിവയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റ് എന്നിവയുടെ വാടകയും ഓഡിറ്റ് കാലയളവിൽ ഈടാക്കിയിട്ടില്ല.

2.കടമുറികൾ ഒഴിഞ്ഞു കിടക്കുന്നു

ആറന്മുള ഷോപ്പിംഗ് കോംപ്ളക്സിലെ റൂം നം 2,3 എന്നിവയുടെ ലേലം 17.03.2016- ലും പുനർ ലേലം 28.03.2016 ലം നടത്തിയിട്ടുണ്ടെങ്കിലും മുറികൾ ആരും തന്നെ വാടകയ്ക്ക് എടുത്തിട്ടില്ല. ടി കടമുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.വാടക ഈടാക്കാൻ അവശേഷിക്കുന്നു.

കോട്ട ഷോപ്പിംഗ് കോംപ്ലക്സിൽ വ്യാപാരം നടത്തുന്ന താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും വാടക ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമനമ്പർ | പേര്,അഡ്രസ്സ് | റൂം നമ്പർ | ഈടാക്കാൻ അവശേഷിക്കുന്ന വാടക(രൂപയിൽ) |
|---|---|---|---|
| 1 | ശശികുമാർ<br>ഉരുത്തിപ്പള്ളിൽ<br>കിടങ്ങന്നൂർ | റൂം നമ്പർ 4, കോട്ട ഷോപ്പിംഗ് കോംപ്ലക്സ് | 1004 |
| 2 | രാജേഷ് രാജൻ<br>ചരുവിൽ<br>എരുമക്കാട് | റൂം നമ്പർ 7<br>റൂം നമ്പർ 8<br>(കോട്ട ഷോപ്പിംഗ് കോംപ്ലക്സ്) | 1600<br>1600 |
| 3 | പച്ചക്കറി വിപണന കേന്ദ്രം<br>കൺവീനർ-<br>സലീം റാവുത്തർ<br>പൈതൃകം<br>വല്ലാറ | റൂം നമ്പർ 16, കോട്ട ഷോപ്പിംഗ് കോംപ്ലക്സ് | 2944 |

കുടിശ്ശിക തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഡി ആന്റ് ഓ ലൈസൻസ്-പൊതുവായ അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ ഭൂരിപക്ഷം അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങൾക്ക് മുൻ വർഷം ഈടാക്കിയ തുക തന്നെ ലൈസൻസ് ഫീസായി തുടർന്നും ഈടാക്കിപ്പോരുകയാണ് ചെയ്യുന്നത്. ഇതു കാരണം ലൈസൻസ് ഫീസ് ഇനത്തിൽ വൻ നഷ്ടമുണ്ടാകുന്നു. ദിവസേന വൻ തുക വിറ്റുവരവുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത് കാരണം ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ നഷ്ടം സംഭവിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനഉടമയുടെ പേരും അഡ്രസ്സും കെട്ടിട നമ്പരും | വാർഡ് നം/ കെട്ടിട നമ്പർ | വ്യാപാര ഇനം | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | കെ. ജെ. തോമസ്<br>കണ്ണന്താനത്ത്<br>വടശ്ശേരിക്കര | XI/92 | ഹോളോബ്രിക്സ് നിർമ്മാണം | 500 |
| 2 | കെ. ജി. വിശ്വനാഥ്<br>മാനേജിംഗ് ട്രസ്റ്റി<br>വിനായക ചാരിറ്റബിൾ എഡ്യൂക്കേഷണൽ ട്രസ്റ്റ്<br>ആറന്മുള | VI/91 | പെട്രോൾ പമ്പ് | 2500 |
| 3 | പ്രസാദ്. കെ.വി<br>കിഴക്കേ പനത്തിട്ട<br>കുറിച്ചിമുട്ടം | XVI/210 | ഹോളോബ്രിക്സ് നിർമ്മാണം | 500 |
| 4 | പി.എൻ.ചന്ദ്രൻ നായർ<br>പുതിയവീട്ടിൽ<br>കോട്ട.പി.ഒ | XV/182 | ഹോളോബ്രിക്സ് നിർമ്മാണം | 500 |
| 5 | ഭാസ്കരൻ.എം.കെ<br>മതിരടങ്ങിൽ<br>കുറിച്ചിമുട്ടം | XVI/522 | ഹോളോബ്രിക്സ് നിർമ്മാണം | 500 |
| 6 | തോമസ് ദാനിയേൽ<br>വെട്ടിക്കൽ ചരിവു പറമ്പിൽ<br>കാരിത്തോട്ട | X/142 A | ഹോളോബ്രിക്സ് നിർമ്മാണം | 500 |

ലൈസൻസ് ഫീ നിശ്ചയിക്കുന്നതിന് ആധാരമായി അപേക്ഷകർ അപേക്ഷയിൽ പ്രസ്താവിക്കുന്ന വിവരങ്ങളായ ദൈനം ദിന വിറ്റുവരവ്, മോട്ടോർ കപ്പാസിറ്റി തുടങ്ങിയവയിൽ ആവശ്യമെന്ന് തോന്നുന്ന കേസുകളിൽ നിർവ്വഹണാധികാരി നേരിട്ട് പരിശോധന നടത്തിയും ഔദ്യോഗിക രേഖകളോ പകർപ്പുകളോ പരിശോധിച്ചും ലൈസൻസ് ഫീയിനത്തിൽ വരുമാന നഷ്ടം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ആകെ ലൈസൻസ് എടുത്ത 363 വ്യാപരികളിൽ 53 പേർ മാത്രമാണ് ഈ സമയക്രമം പാലിച്ചിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോ എന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-8 പരസ്യ നികുതി ഈടാക്കിയില്ല – പഞ്ചായത്തിന് വരുമാന നഷ്ടം

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ, സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന പരസ്യനികുതി പിരിക്കാവുന്നതും, 209(ഡി) വകുപ്പ് പ്രകാരം നികുതി പിരിക്കുവാനുള്ള അവകാശം, ഇതേ നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പരസ്യനികുതി പിരിവിനായി മാതൃകാ ബൈലാ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ടുള്ള ബൈലോ തയ്യാറാക്കി പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത്, പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ വിൽക്കുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം /ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ നിർദ്ദേശത്തിന്മേൽ ഗ്രാമപഞ്ചായത്ത് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

## 2-10 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതു വരെ തിരികെ ലഭിച്ചില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപ എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പെടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്. 2016-17 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജ.നം. | അടങ്കൽ തുക | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ്(0.2%) | വാറ്റ് (5%) | ആകെ തുക |
|---|---|---|---|---|---|---|
| 1 | 254/17 | 539961 | 2 | 1100 x 2= 2200 | 110 | |
| 2 | 219/17 | 800000 | 2 | 1600 x 2= 3200 | 160 | |
| 3 | 212/17 | 1500000 | 2 | 2000 x 2= 4000 | 200 | |
| 4 | 253/17 | 1100000 | 3 | 2000 x 3= 6000 | 300 | |
| 5 | 101/17 | 553000 | 3 | 1200 x 3= 3600 | 180 | |
| 6 | 215/17 | 1000000 | 4 | 2000 x 4= 8000 | 400 | |
| 7 | 142/17 | 850000 | 2 | 1700 x 2= 3400 | 170 | |
| 8 | 238/17 | 900000 | 2 | 1800 x 2= 3600 | 180 | |
| 9 | 177/17 | 1100000 | 3 | 2000 x3= 6000 | 300 | |
| | ആകെ | | | 40000 | 2000 | 42000 |

ആകെ ഒടുക്കിയ തുക സംബന്ധിച്ച വിവരങ്ങൾ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. തുക തിരികെ വാങ്ങി ടെണ്ടർ ഫീസ് തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കേണ്ടതും വാറ്റ് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതുമാണ് .

## 2-11 സ്കൂൾ മെയിന്റനൻസ്-ഡിസ്മാന്റിൽ ചെയ്ത ആസ്ബസ്റ്റോസ് ഷീറ്റുകൾ ലേലം ചെയ്തിട്ടില്ല.

കോട്ട ഡി.വി.എൽ.പി.എസ് മെയിന്റനൻസ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഇനം 1 ആയി ഡിസ്മാന്റിൽ ചെയ്ത ആസ്ബസ്റ്റോസ് ഷീറ്റുകളും വല്ലന എസ്.എൻ.ഡി.പി യു.പി.എസിലെ ആസ്ബസ്റ്റോസ് ഷീറ്റുകളും ലേലം ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്തിന് 01.12.16 ൽ കത്ത് നൽകിയിട്ടുണ്ട്. ലേലം നടപടികൾ ഇതോ വരെയും സ്വീകരിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പ്രകാരമുള്ള ആസ്ബസ്റ്റോസ് ഷീറ്റുകളുടെ മൂല്യം താഴെ ചേർക്കുന്നു.

| | ആസ്ബസ്റ്റോസ് ഷീറ്റുകൾ | ഷീറ്റിന്റെ മൂല്യം |
|---|---|---|
| കോട്ട ഡി.വി.എൽ.പി.എസ് മെയിന്റനൻസ് | 50 | 6900 |
| വല്ലന എസ്.എൻ.ഡി.പി യു.പി.എസ് | 30 | 4140 |

അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ആസ്ബസ്റ്റോസ് ഷീറ്റുകൾ സ്കൂളിന്റെ പല ഭാഗങ്ങളിൽ കുട്ടികൾക്ക് അസൗകര്യമായ രീതിയിൽ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ആസ്ബസ്റ്റോസ് ഷീറ്റുകൾ ഇപ്പോൾ ആർക്കും ആവശ്യമില്ലായെന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്. ലേല നടപടികൾ സ്വീകരിക്കാതെ ഇപ്രകാരമുള്ള മറുപടിയിൽ പഞ്ചായത്ത് എത്തിച്ചേർന്നത് എങ്ങനെയെന്ന് വ്യക്തമല്ല. ലേല നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ഓഡിറ്റിൽ വസ്തുനിഷ്ഠമായ മറുപടികൾ നൽകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ ഗുരുതര അലംഭാവം

2016-17 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് ലഭിച്ച 56295833 രൂപയിൽ ചെലവഴിച്ചത് 22032190രൂപ മാത്രമാണ്. അതായത് ലഭ്യമായ തുകയുടെ 47% മാത്രം. ലഭ്യമായ തുകയുടെ വിവിധ ഫണ്ട് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 19-09-2015 ലെ ജി.ഒ (പി) നം-419/2015/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ആകെ അനുവദിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരുപ്പുണ്ടാകുന്ന തുക നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

| ഫണ്ടിനം | 2016-17 വർഷത്തെ ബജറ്റ് അലോക്കേഷൻ | 2016-17 വർഷത്തെ ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 12093794 | 11197026 | 896768 | 92.58% |
| വികസന ഫണ്ട്- എസ്.സി.പി | 6782860 | 557253 | 6225607 | 8.21% |
| വികസന ഫണ്ട്- റ്റി.എസ്.പി | 3587600 | 1821539 | 1766061 | 50.77% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 14528736 | 6503584 | 8025152 | 44.76% |
| ലോകബാങ്ക് സഹായം | 7845 | 5960 | 1885 | 75.97% |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 16039890 | 54036 | 15985854 | 0.33% |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 3255108 | 1892792 | 1362316 | 58.14% |
| ആകെ | 56295833 | 22032190 | 34263643 | 47.25% |

ആകെ 157 പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ 28 പദ്ധതികൾക്ക് മാത്രമാണ് തുക ചെലവഴിച്ചത്. റോഡ് സംരക്ഷണ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 1.60കോടിയുടെ അടങ്കലുള്ള മരാമത്ത് പ്രവൃത്തികളിൽ 1 പ്രവൃത്തി മാത്രമാണ് നടപ്പിലാക്കിയത്. ആകെ ചെലവ് 54036രൂപ. വികസന ഫണ്ട് (എസ്.സി.പി), റോഡ് സംരക്ഷണ ഗ്രാന്റ് എന്നിവയിൽ യഥാക്രമം 8.21%, 0.33% മാത്രമാണ് ചെലവ്. 31.03.2017 ൽ മരാമത്ത് പ്രവൃത്തികളുടെ 34 ബില്ലുകൾ ക്യൂ ലിസ്റ്റിലായി. 33 പ്രവൃത്തികളും പൂർത്തീകരിച്ച് ബില്ല് മാറിയിട്ടുണ്ട്. ഓരോ പ്രോജക്ടിലും വകയിരുത്തുന്ന തുക ഉപയോഗിച്ച് പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നമ്പർ 237/17,243/17 )-വിശദമായ എസ്റ്റിമേറ്റ് ഹാജരാക്കാതെ തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ<br>പ്രോജക്ട് നമ്പർ 237/17,243/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 1000000 |
| ചെലവ് | 1000000 (ബിൽ നം. 14 തീയതി. 29.3.2017) |

ഗ്രാമപ്പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനുവേണ്ടി 237/17,243/17 പ്രോജക്ടുകൾ പ്രകാരം ആകെ 1000000/- രൂപ സംസ്ഥാന വൈദ്യുതി ബോർഡിനു നൽകിയിട്ടുണ്ട് . ആകെ ഡെപ്പോസിറ്റ് ചെയ്ത 1000000/- രൂപയിൽ 764140/- രൂപയുടെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. ഏതൊക്കെ വാർഡുകളിലാണ് പ്രവൃത്തി നടത്താനുദ്ദേശിക്കുന്നത് എന്നതിന്റെ വിവരം മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.ലൊക്കേഷൻ സ്കെച്ചോ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രദേശത്തിന്റെ പേരു വിവരമോ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിവിധ വാർഡുകളിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് പ്രവൃത്തി നടത്തുന്നത് എന്നതിന്റെ വിവരം ലഭ്യമാക്കാതെയാണ് ചെലവ് തുക നൽകിയിട്ടുള്ളത്. പദ്ധതി നാളിതു വരെ പൂർത്തിയായിട്ടുമില്ല. ഊർജ്ജ വർക്കിംഗ് ഗ്രൂപ്പാണ് മോണിട്ടറിംഗ് നടത്തേണ്ടത്. എന്നാൽ പദ്ധതി രേഖകൾ

പരിശോധിച്ചതിലും വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് ബുക്ക് പരിശോധിച്ചതിലും പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് യാതൊരു പരാമർശങ്ങളും നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, കെ.എസ്സ്.ഇ.ബി യുമായി കരാർ വയ്ക്കാതെയാണ് പ്രവൃത്തി നടത്തിയിട്ടുമുള്ളത്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ നിർവ്വഹണ ഏജൻസി വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയാണെങ്കിൽ ആയത് പരിശോധിക്കുന്നതിനോ പ്രവൃത്തി നടത്തിയെന്ന് ഉറപ്പാക്കുന്നതിനോ കഴിയില്ല.നാളിതു വരെ പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ കെ.എസ്സ്.ഇ.ബിയുമായി കരാർ വയ്ക്കുകയും വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കി പ്രവൃത്തിയുടെ നടത്തിപ്പ് മോണിട്ടർ ചെയ്യേണ്ടതുമാണ്. മോണിട്ടറിംഗ് നടത്തേണ്ട ഊർജ്ജ വർക്കിംഗ് ഗ്രൂപ്പിന്റെയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ അനിവാര്യമാണ്.

## 3-3 സമഗ്ര നെൽകൃഷി പദ്ധതി - ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | സമഗ്ര നെൽകൃഷി പദ്ധതി, 99/2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ തുക | 338000/- രൂപ |
| ചെലവ്,ബിൽ നമ്പർ/തീയതി | 338000/- രൂപ (ബിൽ നമ്പർ 1 തീയതി 07.03.2017) |

സമഗ്ര നെൽകൃഷി പദ്ധതിയുടെ (പ്രൊജക്ട് നമ്പർ. 99/2017) ഭാഗമായി ഗ്രാമപഞ്ചായത്തിലെ 3 പാടശേഖര സമിതികൾക്കായി 8500 കി.ഗ്രാം നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പാടശേഖര സമിതി സെക്രട്ടറിമാർ നെൽവിത്ത് കൈപ്പറ്റിയതിന്റെ രസീത് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

1. പാടശേഖര സമിതികളുടെ രജിസ്ട്രേഷൻ തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2. ഓരോ പാടശേഖര സമിതിയിലും എത്ര കർഷകർ അംഗങ്ങളായുണ്ടെന്നോ എത്ര വിസ്തൃതിയിൽ കൃഷി ചെയ്തിട്ടുണ്ടെന്നോ തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20 തീയതി 20.07.2017) മറുപടി ലഭ്യമാക്കിയില്ല. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ നെൽവിത്ത് വാങ്ങുന്നതിനായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കാത്ത പക്ഷം നെൽവിത്ത് വാങ്ങിയതിനായി ചെലവഴിച്ച തുക 338000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 3-4 51-ാം നം. അങ്കണവാടി കെട്ടിട നിർമ്മാണം - 2013-14 ൽ കരാർ ചമച്ച പ്രവൃത്തി ഇതേ വരെയും പൂർത്തീകരിച്ചില്ല.

പ്രോ. നം.23/17

എം ബുക്ക് നം.106/13-14

കരാർ തീ /തുക – 05.03.14/800000

കൺവീനർ-ഗോപാലൻ

ചെലവ് വിവരം: 1,00,000/26.04.15 (മൊബിലൈസേഷൻ അഡ്വാൻസ്)

391903/14.12.16 (ബിൽ ക്രമ നം. 12/14.12.2016)

26.04.15 ൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ പ്രവൃത്തി ആരംഭിച്ചിരിക്കുന്നത് 06.04.16 ലാണ്. അപ്പന്റിക്സ് എ,ബി ആയി യഥാക്രമം 27,16 ഇനങ്ങളിലായി 800000 രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിരുന്നത്. 24.10.16ൽ ആകെ മൂല്യം 512398 ആയി കണക്കാക്കി മൊബിലൈസേഷൻ അഡ്വാൻസ് കുറവ് ചെയ്ത് 16-17 ൽ പാർട്ട് ബില്ലായി പ്രവൃത്തി 391903 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഇതേ വരെയും പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്തൃ സമിതി രൂപീകരിക്കാൻ കൂടിയതല്ലാതെ ഇതേ വരെയും കമ്മറ്റി കൂടി വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടില്ല. ഗുണഭോക്തൃ സമിതി കരാറുകാരന്റേയും ചെയർമാന്റേയും പേരിലുള്ള ജോയിന്റ് അക്കൗണ്ട് പാസ് ബുക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 27.11.14ൽ ആരംഭിച്ച ജോയിന്റ് അക്കൗണ്ട് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് ഹാജരാക്കിയിരുന്നു. പദ്ധതി ചെലവുകൾ ടി അക്കൗണ്ട് മുഖേനയാണോ കൈകാര്യം ചെയ്തിരുന്നതെന്ന് വ്യക്തമല്ല. പ്രവൃത്തി പൂർത്തീകരിക്കാത്ത കൺവീനറുടെ പേരിൽ യാതൊരു നിയമനടപടിയും സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ചരിവുള്ള ദുർഘടമായ വഴിയായതിനാൽ സാധനങ്ങൾ തലച്ചുമടായി എത്തിക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടതെന്നാണ് മറുപടി നൽകിയത്. അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിലും ദുർഘടമായ വഴിയാണെന്ന ബോദ്ധ്യപ്പെട്ടു. അങ്കണവാടി നിർമ്മിക്കുന്ന സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ സ്ഥലത്തിന്റെ ആധാരം, കരം ഒടുക്കിയ രസീത് എന്നിവ ഓഡിറ്റിൽ ഹാജരാക്കിയില്ല. ആയത് കണ്ടെത്തി വസ്തു പഞ്ചായത്തിന്റെ പേരിൽ കൂട്ടിയിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്. കെട്ടിടം പണി അടിയന്തിരമായി പൂർത്തീകരിക്കുന്നതോടൊപ്പം 5 വയസ്സിൽ താഴെയുള്ള കുട്ടികൾ ദിവസേന വന്ന്പോകേണ്ടുന്ന വഴിയുടെ ദുർഘടമായ അവസ്ഥ കൂടി മാറ്റേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-5 വല്ലന എസ്.എൻ.ഡി.പി യു.പി.എസ് മെയിന്റനൻസ്-പ്രവൃത്തി പൂർത്തീകരിച്ചില്ല- പാർട്ട് ബില്ലിൽ നിന്നും റിറ്റൻഷൻ കുറവ് ചെയ്തിട്ടില്ല.

പ്രോ. നം.28/17

എസ്റ്റിമേറ്റ് തുക-490000

കൺവീനർ-ബിജു.പി

കരാർ തീയതി-04.03.16

ചെലവ് തുക-173085

(ബിൽ നം. 5/23.11.2016)

ഇനം 1 മുതൽ 33 വരെ സ്കൂളിന്റെ അടുക്കള ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും ഇനം 34 ആയി ഇന്റർലോക്ക് പാകലുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ അടിയന്തിര പ്രാധാന്യം നൽകി ചെയ്യേണ്ടുന്ന അടുക്കള നിർമ്മാണം ആരംഭിച്ച് ഇതേ വരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇന്റർലോക്ക് പാകൽ മാത്രമാണ് ചെയ്തിരിക്കുന്നത്. 04.03.16 ൽ കരാർ ചമച്ച പ്രവൃത്തിയുടെ അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 03.10.16 ലാണ്. ഒന്നാം പാർട്ട് ബില്ലായി ഇന്റർലോക്ക് പാകലിന്റെ തുകയായ 173085 (നികുതി ഉൾപ്പെടെ) രൂപയും അനുവദിച്ചിട്ടുണ്ട്. പാർട്ട് ബില്ലിൽ നിന്നും റിറ്റൻഷൻ കറവ് ചെയ്യാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. കരാർ ചമച്ച് ഒര് വർഷം കഴിഞ്ഞിട്ടും അടിയന്തിര പ്രാധാന്യം ഉള്ള പ്രവൃത്തികൾ ചെയ്യാത്ത കരാറുകാരനെതിരെ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അടുക്കള നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 തോടിന് ആഴം കൂട്ടൽ-ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടുന്ന പ്രവൃത്തികൾക്കായി വികസന ഫണ്ട് ഉപയോഗിച്ചിരിക്കുന്നു.

കാവിത്തോട്, കോഴിത്തോട്, പെരുംതോട് പുനരുദ്ധാരണത്തിനായി താഴെ പറയും പ്രകാരമുള്ള തുകകൾ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് | തുക | ബിൽ നം, തീയതി | എം ബുക്ക് പ്രകാരം എസ്റ്റിമേറ്റ് ചെയ്ത മണ്ണിന്റെ അളവ് |
|---|---|---|---|
| പെരുംതോട് പുനരുദ്ധാരണം | 198728 | 7/23.11.16 | 1050m3 |
| കാവിത്തോട് പുനരുദ്ധാരണം | 267161 | 8/23.11.16 | 1500m3 |
| കോഴിത്തോട് പുനരുദ്ധാരണം | 250000 | 4/23.11.16 | 1320m3 |

പ്രസ്തുത തോടുകളിലെ മണ്ണ്, ചെളി എന്നിവ നീക്കം ചെയ്ത് പാടശേഖരം കൃഷിക്ക് ഉപയുക്തമാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ ലെവൽ ഫീൽഡ് ബുക്ക്, ഫൈനൽ ലെവൽ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല. എം ബുക്കിൽ കഴിച്ചെടുത്ത മണ്ണിന്റെ പുനരുപയോഗം വിശദീകരിച്ചിരുന്നില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താതെ വികസന ഫണ്ടിൽ നിന്നുമാണ് തുക ചെലവഴിച്ചത്. ടി തോടുകളിൽ നിന്നും ആഴത്തിൽ മണ്ണ് ചെടി എന്നിവ നീക്കം ചെയ്യേണ്ടിവരുന്നതിനാൽ അവിദഗ്ധ തൊഴിലാളികളെ കൊണ്ട് പ്രവൃത്തി ചെയ്യിക്കാൻ സാധ്യമല്ല എന്ന് കമ്മറ്റിക്ക് ബോദ്ധ്യപ്പെട്ടുവെന്ന് 03.12 15 ലെ കമ്മറ്റിയിൽ തീരുമാനം എടുത്തിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലെവൽ ഫീൽഡ് ബുക്ക്, ഫൈനൽ ലെവൽ റിപ്പോർട്ട് എന്നിവ അസി.എക്സി എഞ്ചിനീയറുടെ ഓഫീസിലാണെന്നാണ് മറുപടി നൽകിയത്. രേഖകൾ ഇല്ലാത്ത സാഹചര്യത്തിൽ എപ്രകാരമാണ് മണ്ണിന്റെ അളവിൽ എത്തിച്ചേർന്നതെന്ന് വ്യക്തമല്ല. ആയതിനാൽ ലെവൽ ഫീൽഡ് ബുക്ക്, ഫൈനൽ ലെവൽ റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിദഗ്ധ തൊഴിലാളികൾ ചെയ്ത് കൊണ്ടിരുന്ന റോഡ് കോൺക്രീറ്റിംഗ് പോലെയുള്ള പല പ്രവൃത്തികളും ഇപ്പോൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ തോട് പുനരുദ്ധാരണ പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 വിവിധ ഭവന പദ്ധതികൾ-ഗുണഭോക്തൃ ലിസ്റ്റില്ലാതെ തുക കൈമാറുന്നു

വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന് നൽകുന്നതിനായി താഴെ പറയുന്ന തുകകൾ പിൻവലിച്ചിട്ടുണ്ട്.

| പദ്ധതികളുടെ വിവരം | തുക | ബിൽ നം,തീ |
|---|---|---|
| പി.എം.എ.വൈ | 680000 | 7/13.02.17 |
| ഐ.എ.വൈ അധിക വിഹിതം (2015-16) | 1500000 | 29/31.03.17 |
| പി.എം.എ.വൈ അധിക വിഹിതം | 740000 | 28/31.03.17 |
| ആകെ | 2520000 | |

ഇത്ര പേർക്ക് തുക വകയിരുത്തണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക പിൻവലിച്ചിരിക്കുന്നത്. ഓഡിറ്റ് അന്വേഷണത്തിന് (18/26.7.2017) മറുപടിയായി പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിന്റെ പകർപ്പ് ഹാജരാക്കിയിരുന്നു. എന്നാൽ ഇവരിൽ എത്ര പേര് ബ്ലോക്ക് പഞ്ചായത്തുമായി കരാർ ചമച്ചുവെന്ന് വ്യക്തമല്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത കത്തിൽ തുക പൂർണ്ണമായും ചെലവഴിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആരൊക്കെയാണ് ഗുണഭോക്താക്കളെന്നോ ആർക്കൊക്കെയാണ് തുക അനുവദിച്ചതെന്നോ വ്യക്തമല്ല. പി.എം.എ.വൈ ക്കായി ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് കമ്മറ്റിയിൽ അംഗീകരിച്ചിരിക്കുന്നത് 26.08.2016 (തീരുമാനം നം.I(IV))ലും തുക പിൻവലിച്ചിരിക്കുന്നത് 31.03.17 ലുമാണ് എന്നിരിക്കെ തുക പൂർണ്ണമായും ചെലവഴിച്ചുവെന്നത് വിശ്വസനീയമല്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കരാർ ചമച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് വാങ്ങി അതിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുവാൻ ശ്രദ്ധിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങൽ ധനസഹായം- ഓട്ടോറിക്ഷാ ലൈസൻസ് ഇല്ലാത്ത വ്യക്തിക്ക് ധനസഹായം അനുവദിച്ചിരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഓട്ടോറിക്ഷ വാങ്ങുന്നതിനായി ബിൽ നം. 31/31.03.17പ്രകാരം 200000 രൂപ പിൻവലിച്ച് ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. നാല് പേർക്ക് 50000 രൂപ വീതം നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. 3 wheeler/ഓട്ടോറിക്ഷാ ലൈസൻസ് ഇല്ലാത്ത ബിജു.വി, വലിയകാലായിൽ എന്ന വ്യക്തിക്ക് തുക അനുവദിച്ചതായി കാണുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/26.7.2017) ടി വ്യക്തിക്ക് ലൈസൻസ് ഉള്ളതായും ആയത് ഹാജരാക്കുന്ന മുറക്ക് സമർപ്പിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. ഓട്ടോറിക്ഷാ ലൈസൻസ് ഇല്ലാത്ത വ്യക്തിക്ക് അനുവദിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 വിദ്യാർത്ഥികൾക്ക് പഠനസഹായി-ബില്ലിൽ ഗേജിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സഹായം എന്ന പദ്ധതിക്കായി താഴെ പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| അടങ്കൽ തുക | പ്രോജക്ടിന്റെ വിവരം / പ്രോജക്ട് നം. | പഠന സഹായം ലഭിച്ച കുട്ടികളുടെ എണ്ണം | നിരക്ക് | വാറ്റ് | ആകെ തുക @2980 | ബിൽ നം, തീയതി |
|---|---|---|---|---|---|---|
| 149706 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും 64/17 | 50 | | | 149000 | ബിൽ ക്രമ നം. 22/27.03.17 |
| 7845 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ 68/17 | 2 | 5205.26 | 754.76 | 5960 | ബിൽ ക്രമ നം. 23/27.03.17 |
| ആകെ | | | | | 154960 | |

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത തമ്പുരാൻ കാലായിൽ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മറ്റി തീരുമാനം വ്യക്തമല്ല. 18 ഗേജിന്റെ മേശ അംഗീകരിച്ചതായാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 18.01.17 ലെ പഞ്ചായത്ത് കമ്മറ്റിയിൽ ടെണ്ടർ അംഗീകരിച്ചതായാണ് അസി.സെക്രട്ടറി മറുപടി നൽകിയിരിക്കുന്നത്. എന്നാൽ ഈ കാലയളവിലെ മിനിറ്റ്സ് ബുക്ക് എഴുതിയിട്ടില്ലാത്തതിനാൽ ഓഡിറ്റിൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ സാധനം വിതരണം ചെയ്ത ഫോം നം 8 ലുള്ള ബില്ലിൽ ഗേജിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. 2005 ലെ വാറ്റ് ആക്ട് പ്രകാരം ഫോം നം 8 ബി യിലാണ് ബില്ല് നൽകേണ്ടത്. ഇപ്രകാരമുള്ള ബിൽ നൽകേണ്ടതിന് പകരം ഫോം നം 8 ൽ (പ്രൊഫോർമ ഇൻവോയിസ്) ൽ നികുതി ഉൾപ്പെടുത്തിയാണ് നൽകിയിരിക്കുന്നത്. അംഗീകരിച്ച ടെണ്ടർ പ്രകാരമുള്ള ഫർണീച്ചറുകളാണോ വിതരണം നടത്തിയത് എന്ന് വ്യക്തമല്ലാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബില്ല് നൽകാതെ ഇപ്രകാരം നികുതി വെട്ടിക്കുന്നത് ഭരണസമിതിയുടേയും സർക്കാരിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 അങ്കണവാടികൾ- അവലോകനം

ഗ്രാമപ്പഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ഗ്രാമപ്പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല.ഗ്രാമപ്പഞ്ചായത്തിൽ ആകെയുള്ള 39 അങ്കണവാടികളിൽ 21 എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത് .2016-17 വർഷം 48-ാം അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമപ്പഞ്ചായത്ത് നിവാസിയായ രവീന്ദ്രൻ നായർ, തോട്ടുത്തു മണ്ണിൽ എന്നയാൾ 2.02 ആർ സ്ഥലം ദാനമായി നൽകിയിട്ടുണ്ട്. രണ്ടു വർഷത്തിനകം പഞ്ചായത്ത് കെട്ടിടം പണി കഴിപ്പിച്ച് വസ്തു ഉപയോഗപ്പെടുത്താതിരുന്നാൽ രണ്ട് വർഷത്തിന് ശേഷം വസ്തു ടിയാന്റെ അധീനതയിൽ വന്നു ചേരുന്നതാണ് എന്ന വ്യവസ്ഥ ദാനയാധാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.അടിയന്തിരമായി കെട്ടിടം നിർമ്മിച്ച് വസ്തുവിന്റെ ഉടമസ്ഥത പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതാണ്.

സ്വന്തമായി കെട്ടിടമില്ലാത്ത 18 അങ്കണവാടികളിൽ 2 എണ്ണത്തിന് ടോയ് ലറ്റ് സൗകര്യം ഇല്ല. വൈദ്യുതി ഉള്ള 5 അങ്കണവാടികളേ പഞ്ചായത്തിൽ ഉള്ളൂ. സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളിൽ ബാക്കിയുള്ള 16 അങ്കണവാടികളുടെയും വൈദ്യുതീകരണത്തിനായി പ്രൊജക്ട് ആവിഷ്കരിച്ച് ആവശ്യമായ തുക സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ വൈദ്യുതീകരണം നടന്നിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്വന്തമായി കെട്ടിമുള്ള അങ്കണവാടികളിൽ 13 എണ്ണത്തിന് മാത്രമേ ചുറ്റുമതിൽ ഉള്ളൂ. മറ്റ് അങ്കണവാടികൾക്കും ചുറ്റുമതിൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാകുന്നില്ല എന്നതാണ് അങ്കണവാടികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. കെട്ടിനിർമ്മാണത്തിന് സൗജന്യമായി സ്ഥലം ലഭിക്കാൻ സാദ്ധ്യതയുള്ള 4 അങ്കണവാടികൾ ഉള്ളതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6തീയതി 20.07.2017) ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 അങ്കണവാടി പോഷകാഹാരം-16.32ലക്ഷം രൂപ ഗ്രാമപ്പഞ്ചായത്തിന്റെ തനത് ഫണ്ടിൽ

<u>നിക്ഷേപമായി തുടരുന്നു.</u>

വാർഷിക കണക്കുകൾ പ്രകാരം അങ്കണവാടി പോഷകാഹാരത്തിനുള്ള കേന്ദ്ര വിഹിതമിനത്തിൽ 16.32ലക്ഷം രൂപ ഗ്രാമപ്പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപമായുണ്ട്. ത.സ്വ.ഭ വകുപ്പിന്റെ 3.9.2010-ലെ സ.ഉ. നം. 39033/ഡി.സി.2/2010 ഉത്തരവ് പ്രകാരം പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രസഹായത്തിലെ അവശേഷിക്കുന്ന തുക വിനിയോഗിച്ച് അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 <u>ഡെപ്പോസിറ്റ് പ്രവൃത്തികൾ- തുക നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതികൾ പൂർത്തീകരിച്ചില്ല</u>

ഗ്രാമപ്പഞ്ചായത്തിൽ മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ 5 പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ടിന്റെ പേര് | തുക ഡെപ്പോസിറ്റ് ചെയ്ത വർഷം/വ്രഷം | ഡെപ്പോസിറ്റ് ചെയ്ത തുക | ഏജൻസി | കരാർനം./തീയതി | കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണം |
|---|---|---|---|---|---|---|---|
| 1 | ഇടയാറന്മുള കോഴിപ്പാലം മുതൽ വിളക്കുമാടംവരെയും മാലക്കര ചാത്തപ്ളാമൂട്ടിൽപ്പടി മുതൽ കൊട്ടാരത്തിൽപ്പടി വരെയും പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2014-15 | 300000 | കേരള വാട്ടർ അതോറിറ്റി | - | - | ലഭ്യമാക്കിയിട്ടില്ല |
| 2 | ഇടയാറന്മുള പമ്പ് ഹൗസ് വൈദ്യുതീകരണം | 2014-15 | 60240 | പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം | - | - | ലഭ്യമാക്കിയിട്ടില്ല |
| 3 | കിടങ്ങന്നൂർ ഷോപ്പിംഗ് കോംപ്ളക്സ് ,മാലക്കര മാതൃകാ അങ്കണവാടി വയറിംഗ് | 2015-16 | 185574 | പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം | - | - | ലഭ്യമാക്കിയിട്ടില്ല |
| 4 | മണ്ണാറ വേലിമോടി കോളനി- മാലേത്തു കാലാ കോളനി ലൈൻ എക്സ്റ്റൻഷൻ | 2015-16 | 96020 | കെ.എസ്സ്.ഇ.ബി | - | - | ലഭ്യമാക്കിയിട്ടില്ല |
| 5 | പേരങ്ങാട്ട് മെയ്ക്കുന്നിൽ കോളനി ലൈൻ മാറ്റി സ്ഥാപിക്കൽ | 2015-16 | 54383 | കെ.എസ്സ്.ഇ.ബി | - | - | ലഭ്യമാക്കിയിട്ടില്ല |

നിക്ഷേപ പ്രവൃത്തികൾ വഴി പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിർബന്ധമായും നിർവ്വഹണ ഏജൻസിയുമായി കരാർ വയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം

പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം നേരിട്ടാൽ നിർവ്വഹണ ഏജൻസിയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് കഴിയാതെ വരും. മേൽപ്പറഞ്ഞ പദ്ധതികളിലൊന്നും തന്നെ നിർവ്വഹ ഏജൻസിയുമായി കരാറിലേർപ്പെട്ടിരുന്നില്ല.ആയതിനാൽ പണി പൂർത്തിയാക്കാൻ കാലതാമസം നേരിട്ടുന്നെങ്കിലും തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല.

2016-17 വർഷം വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ച് 8 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഒരു പദ്ധതി പോലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും നിർവ്വഹണ ഏജൻസികളുമായി കരാറിലേർപ്പെട്ടിരുന്നില്ല. ടി പദ്ധതികളുടെ വിവരം ഈറിപ്പോർട്ടിലെ ഭാഗം 4-2ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വരും വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾ മുഖേനയുള്ള പദ്ധതികൾ ഏറ്റെടുക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാർ വച്ചതിന ശേഷം മാത്രം തുക നിക്ഷേപിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട ഭൂമികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്തു വക വസ്തുവിന്റെ വിവരം | സർവ്വെ നമ്പർ | സ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|
| 1 | പബ്ലിക് മാർക്കറ്റ് കോട്ട | 344/2 | 94 ആർ 94 ച.മീ |
| 2 | കിടങ്ങന്നൂർ മാർക്കറ്റ് | 468/7 | 23 ആർ 43 ച.മീ |
| 3 | ഗവ.പ്രൈമറി സ്കൂൾ, മാലക്കര | 377/2 | 21 ആർ 44 ച.മീ |
| 4 | ഗവ.പ്രൈമറി സ്കൂൾ, ആറാട്ടുപുഴ | ലഭ്യമല്ല | 91 ആർ 20 ച.മീ |
| 5 | ഗ്രാമപ്പഞ്ചായത്ത് ഓഫീസ് | ലഭ്യമല്ല | 345 ച.മീ |
| 6 | കുടുംബശ്രീ ഓഫീസ് കെട്ടിടം | ലഭ്യമല്ല | 3 ആർ 45 ച.മീ |
| 7. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് | ലഭ്യമല്ല | 3 ആർ 45 ;ച.മീ |
| 8. | കമ്മ്യൂണിറ്റി ഹാൾ, ഏഴിക്കാട് | ലഭ്യമല്ല | 9 ആർ 88 ച.മീ |
| 9. | ഹെൽത്ത്സെന്റർ,എഴിക്കാട് കോളനി | ലഭ്യമല്ല | 9 ആർ 7 ച.മീ |
| 10. | മൃഗാശുപത്രി | 230/1 | 3 ആർ 68 ച.മീ |
| 11 | ഗവ.എൽ.പി.എസ്സ്, കോട്ട | ലഭ്യമല്ല | 35 ആർ |
| 12 | വെയിറ്റിംഗ് ഷെഡ്, കിടങ്ങന്നൂർ | ലഭ്യമല്ല | 15 ആർ |
| 13 | വല്ലന, എസ്.എൻ.ഡി.പി യു.പി.സ്കൂൾ | ലഭ്യമല്ല | 39 ആർ 92 ച.മീ |
| 14 | പരുത്തുപാറ സാംസ്കാരിക നിലയം | ലഭ്യമല്ല | 16 ആർ |
| 15 | ഗവ.എസ്.എൻ.ഡി.പി എൽ.പി.സ്കൂൾ, ളാക | ലഭ്യമല്ല | 23 ആർ 162 ച.മീ |
| 16 | ഗവ.ആയുർവേദ ആശുപത്രി , ഇടശ്ശേരിമല | ലഭ്യമല്ല | 14 ആർ 43 ച.മീ |
| 17 | കുളപ്പുര, വാർഡ് 6 | ലഭ്യമല്ല | 5 ആർ 24 ച.മീ |

പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന ഭൂമിയുടേതുൾപ്പെടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട വസ്തുക്കളുടെയൊന്നും ഉടമസ്ഥതാവകാശം തെളിയിക്കുന്ന യാതൊരു രേഖകളും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. മേൽപ്പറഞ്ഞ വസ്തുവിന്റെയൊന്നും അസ്സൽ പ്രമാണം പഞ്ചായത്തിൽ ലഭ്യമല്ല. വസ്തുവിന്റെയൊന്നും കരം അടയ്ക്കുന്നില്ല. ഇത് സംബന്ധിച്ച് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 11/തീയതി 25.07.2017) മറുപടി ലഭ്യമാക്കിയില്ല.

ആസ്തി രജിസ്റ്ററിൽ വസ്തുവിനെക്കുറിച്ചുള്ള വ്യക്തമായ രേഖപ്പെടുത്തലുകൾ ഇല്ല. എല്ലാ വസ്തുക്കളുടെയും സർവ്വേ നമ്പർ, ആസ്തിയുടെ മൂല്യം ഇവ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ മിക്ക വസ്തുവകകളുടെയും അതിർത്തി നിർണ്ണയിക്കുകയോ വേലികെട്ടിത്തിരിക്കുകയോ ചെയ്തിട്ടില്ല. പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക എന്നത് ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കാത്തതു കാരണം പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യപ്പെടുന്നുണ്ടോ എന്നുപോലും അറിയാൻ പറ്റാത്ത സ്ഥിതി വിശേഷമാണുള്ളത്.

ആസ്തിസംരക്ഷണത്തിനായി പദ്ധതികളൊന്നും ആവിഷ്കരിക്കുന്നില്ല. ചെലവഴിക്കാത്ത പദ്ധതി വിഹിതം വർഷാവസാനം ലാപ്സാകുന്നതാണ്.ആസ്തി സംരക്ഷണത്തിനായി വകയിരുത്താവുന്ന തുക കൂടിയാണ് ഇത്തരത്തിൽ നഷ്ടപ്പെട്ടത്.

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 242 പ്രകാരം സ്ഥലം തഹസീൽദാർ മുഖേന വില്ലേജ് ഓഫീസറോട് പഞ്ചായത്തിന്റെ വസ്തുവകകളുടെ ഉടമസ്ഥത സംബന്ധിച്ച് വിവരങ്ങൾ ആരായാവുന്നതും നിശ്ചിതസമയപരിധിക്കുള്ളിൽ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.പഞ്ചായത്ത് രാജ് (വില്ലേജ് ഓഫീസർ നിർവഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടം 5 പ്രകാരം അനധികൃത കൈയ്യേറ്റങ്ങളെക്കുറിച്ചുള്ള വിവരങ്ങളും നൽകാൻ ആവശ്യപ്പെടാവുന്നതാണ്.

റവന്യൂ,രജിസ്ട്രേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ അസ്സൽ പ്രമാണം കൈവശപ്പെടുത്തേണ്ടതും വസ്തു അളന്നതിരിച്ച് അതിർത്തി നിർണ്ണയിച്ച് വേലി കെട്ടി സംരക്ഷിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-14 ആശുപത്രികൾക്ക് മരുന്നുവാങ്ങൽ– മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

1) ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ

| | |
|---|---|
| പദ്ധതിയുടെ പേര് / നമ്പർ | ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്നുകൾ വാങ്ങൽ, 209/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് ഔഷധിയ്ക്ക് 500000/- രൂപ (ബിൽ നമ്പർ 1 തീയതി 02.03.2017)നൽകിയിട്ടുണ്ട്. എന്നാൽ 306582/- രൂപയുടെ മരുന്നുകൾ മാത്രമേ ഔഷധിയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളൂ. 193418/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ലാത്തിനാൽ തുക തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2) ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ

| | |
|---|---|
| പദ്ധതിയുടെ പേര് / നമ്പർ | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ,250/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ |

പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് 98000/- രൂപ (ബിൽ നമ്പർ 1 തീയതി 30.03.2017)നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കിയിട്ടില്ലാത്തിനാൽ പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ച തുക 98000/ - രൂപ തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-15 മറ്റു വകുപ്പുകളിൽ/സർക്കാരിലേക്ക് ഒടുക്കേണ്ടുന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ നിലനിൽക്കുന്നു.

ഷെഡ്യൂൾ ബി-9 പത്രിക പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ മറ്റു വകുപ്പുകളിൽ/സർക്കാരിലേക്ക് ഒടുക്കേണ്ടുന്ന തുകകൾ ഇതേ വരെയും ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല.

| ഇനം | തുക |
|---|---|
| വാറ്റ് | 61247 |
| Other dues | 15189 |
| others | 41143 |

വാറ്റ് ഇനങ്ങളിലുള്ള തുക ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കേണ്ടതാണ്. മറ്റ് തുകകൾ ഏത് ഇനത്തിലുള്ളതാണെന്ന് കണ്ടെത്തി ബന്ധപ്പെട്ട വകുപ്പുകളിൽ /സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 500000 | പ്ലാസ്റ്റിക് മാലിന്യസംസ്കരണ യൂണിറ്റ് | | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 50000 | പേഴുകാട്ടുമോടി നെടിയുഴത്തിൽ കോളനി കിണർ സംരക്ഷണം | | 50000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 25000 | ഇടശ്ശേരിമല ലക്ഷം വീട് മെയിന്റനൻസ് | 25000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 10000 | ഇടശ്ശേരിമല ലക്ഷം വീട് കിണർ സംരക്ഷണം | 5000 | 5000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 500000 | പ്ലാസ്റ്റിക് മാലിന്യസംസ്കരണ യൂണിറ്റ് | | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1000000 | കിടങ്ങന്നൂർ കൃഷി ഭവൻ കെട്ടിട നിർമ്മാണം | | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1000000 | കൃഷി ഓഫീസ് സ്റ്റോർ നിർമ്മാണം | | 1000000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 150000 | ഏഴിക്കാട് കോളനി പൊതുകിണർ സംരക്ഷണം | | 150000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 203877 | മുല്ലശ്ശേരി മൂലടിമണ്ണ് മൂത്തേരി റോഡ് കോൺക്രീറ്റിംഗ് | | 203877 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1000000 | കോട്ട കുടിവെള്ള പദ്ധതി | | 1000000 |
| | | 4438877 | | 30000 | 4408877 |

## 4-2 ഡെപ്പോസിറ്റ് വർക്കുകൾക്കു നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| വൈദ്യുതി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രൊജക്ട് നമ്പർ .243/17) | 500000 | - | 500000 |
| വൈദ്യുതി ബോർഡ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രൊജക്ട് നമ്പർ .237/17) | 500000 | - | 500000 |
| വൈദ്യുതി ബോർഡ് | അങ്കണവാടി വൈദ്യുതീകരണം(പ്രൊജക്ട് നമ്പർ. 247/17) | 225000 | - | 225000 |
| വൈദ്യുതി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രൊജക്ട് നമ്പർ . 247/17) | 99247 | - | 99247 |
| വൈദ്യുതി ബോർഡ് | പട്ടികജാതി കോളനികളിൽ തെരുവു വിളക്കിനു വേണ്ടി പുതിയ ലൈൻ വലിക്കൽ (പ്രൊജക്ട് നമ്പർ. 226/17) | 340000 | - | 340000 |
| കേരള വാട്ടർ അതോറിറ്റി | പഞ്ചായത്തിന്റെ വിവധവാർഡുകളിൽ പൈപ്പ് ലൈൻ വിപുലീകരണം (പ്രൊജക്ട് നമ്പർ 280/17) | 716815 | - | 716815 |
| കേരള വാട്ടർ അതോറിറ്റി | കിടങ്ങന്നൂർ മാർക്കറ്റ് കുടിവെള്ള പദ്ധതി (പ്രൊജക്ട് നമ്പർ 54/17) | 121750 | - | 121750 |
| പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം | മാലക്കര മാതൃകാ അങ്കണവാടി വയറിംഗ്- സർവ്വീസ് ചാർജ് (പ്രൊജക്ട് നമ്പർ 255/17) | 26959 | - | 26959 |
| ഭൂജല വകുപ്പ് | കിടങ്ങന്നൂർ മാർക്കറ്റ് കുടിവെള്ള പദ്ധതി | 121750 | - | 121750 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2058628 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| പലിശ | 396156 |
| ആകെ | 2454784 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2454784 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (Receipt & Payment Statement പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ) | 61208598 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44807564 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3354378 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| *ഖണ്ഡിക നമ്പർ* | *ചാർജ് ചെയ്യാവുന്ന തുക* | *സർചാർജ്ജ് ചെയ്യാവുന്ന തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥൻ* |
|---|---|---|---|
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നമ്പർ* | *തുക* | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-3 | 338000 | രതീഷ്. ആർ. കൃഷി ഓഫീസർ |
| 3-7 | 2520000 | റ്റി.വി. വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 50000 | റ്റി.വി. വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 154960 | റ്റി.വി. വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14(1) | 193418 | ഡോ. രജിത.റ്റി. വർഗ്ഗീസ്, എം.ഒ, ആയുർവേദം |
| 3-14(2) | 98000 | ഡോ. ഹരീന്ദ്രനാഥ്, എം.ഒ, ഹോമിയോ |

| | | |
|---|---|---|
| ആകെ | 3354378 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| *പേരും ഉദ്യോഗപ്പേരും* | *ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം* | *സ്ഥിരം മേൽവിലാസം* |
|---|---|---|
| രതീഷ്. ആർ. കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷിഭവൻ, ആറന്മുള | പാലംപൊയ്കയിൽ വീട്, ഇടയ്ക്കിടം, എഴുകോൺ, കൊല്ലം 692505 |
| റ്റി.വി. വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ആറന്മുള ഗ്രാമപഞ്ചായത്ത് | തോപ്പിൽ, മേലേമുറിയിൽ, കുരമ്പാല, പന്തളം |
| ഡോ. രജിത.റ്റി. വർഗ്ഗീസ്, എം.ഒ, ആയുർവേദം | എം.ഒ, ആയുർവേദ ഡിസ്പെൻസറി, നാൽക്കാലിക്കൽ | പാലത്തിങ്കൽ തെക്കേതിൽ, മല്ലപ്പള്ളി |
| ഡോ. ഹരീന്ദ്രനാഥ്, എം.ഒ, ഹോമിയോ | എം.ഒ, ഹോമിയോ ഡിസ്പെൻസറി, ആറന്മുള | കണ്ണവള്ളി, ശാസ്താംകോട്ട പി.ഒ. കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1991-92 | എൽ.എഫ്.പി.റ്റി.എ./പി2/324/94, തീ.15.07.94 |
| 1995-96 | എൽ.എഫ്.പി.റ്റി.എ./പി2/119/98, തീ.04.06.99 |
| 1996-97 | എൽ.എഫ്.പി.റ്റി.എ/പി3/746/2003, തീ.06.05. |
| 1997-98 (DCB) | എൽ.എഫ്.പി.റ്റി.എ./പി3/346/04, തീ. 14.09.04 |
| 1998-99 (DCB) | എൽ.എഫ്.പി.റ്റി.എ./പി3/347/04, തീ. 15.09.04 |
| 1999-00 (EXP) | എൽ.എഫ്.പി.റ്റി.എ./പി3/844/00, തീ. 29.09.01 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ./പി3/488/00, തീ. 03.11.03 |
| 2000-01 (EXP) | എൽ.എഫ്.പി.റ്റി.എ./പി3/477/05, തീ. 05.11.06 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ./പി3/478/05, തീ.05.01.06/15.02.06 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ./പി3/489/03, തീ. 01.11.03 |
| 2002-03 | എൽ.എഫ്.പി.റ്റി.എ./പി3/121/07, തീ. 08.05.07/05.10.07 |
| 2003-04 | എൽ.എഫ്.പി.റ്റി.എ./പി6/642/09, തീ. 13.04.10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ./പി5/490/10,തീ. 09.12.11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ./പി5/491/10, തീ.11.01.11 |
| 2006-07 2009-10 | എൽ.എഫ്.പി.റ്റി.എ./പി5/687/12, തീ.30.10.12 |
| 2010-11 | എൽ.എഫ്.പി.റ്റി.എ./പി5/571/13, തീ. 11.09.13 |
| 2011-12 | എൽ.എഫ്.പി.റ്റി.എ./പി5 572/13 തീയതി 23.09.13 |
| 2012-13 2013-14 | എൽ.എഫ്.പി.റ്റി.എ./പി11/894/14 തീയതി 01.12.14/04.02.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ./പി11/682/16 തീയതി 24.6.2016 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ./പി11/1206/16 തീയതി 07.11.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ കാര്യാലയം, പത്തനംതിട്ട.

# Annexure

# AUDIT CERTIFICATE

No.K.S.A.PTA. P9/981/17 Dated : 13.09.2017

Certified that I have examined the Annual Financial Statement of Aranmula Gramma Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Aranmula Gramma Panchayat for the year 2016-17, except the obeservations in my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director,

Kerala State Audit Department,

District Office, Pathanamthitta.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി9/981/17 തീയതി : 13.9.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ആറന്മുള ഗ്രാമപ്പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആറന്മുള ഗ്രാമപ്പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ കാര്യാലയം, പത്തനംതിട്ട.